**തിരുവനന്തപുരം പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ മുതിർന്ന ഭരണകാര്യസ്ഥയുടെ നടപടി ഉത്തരവ്**

(ഹാജർ : ഹേമപ്രഭ. ഡി)

വിഷയം :- പൊ.മ.വ - ജീവനക്കാര്യം - ടൈപ്പിസ്റ്റുമാർക്ക് സ്ഥാനക്കയറ്റം അനുവദിച്ച്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

പരാമർശം:- 1) 16.11.2010-ലെ ഈ ഓഫീസിലെ ഉത്തരവ് നം. ഇ1/18260/08.
2) 26.07.2010-ലെ ഉത്തരവ് നം. എസ് സി2/10058/09.
3) 18.01.2018-ലെ ഉത്തരവ് നം. എസ് സി2/10058/09 പാർട്ട്. I.
4) സർക്കാർ ഉത്തരവ് നം. 85/2011/ഫിൻ. തീയതി 26.2.2011.

**ഉത്തരവ് നം. ഇ1/22353/2012(II) തീയതി : 06.03.2018**

മലപ്പുറം പെരിന്തൽമണ്ണ നിരത്ത് സബ് ഡിവിഷൻ ഓഫീസിലെ ശ്രീമതി. ഉഷാകുമാരി.എൻ.ജി-യ്ക്ക് പരാമർശം (1) ഉത്തരവ് പ്രകാരം 16.07.2008 തീയതി മുതൽ മുൻകാലപ്രാബല്യത്തോടെ യു. ഡി. ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം ലഭിച്ചിരുന്നു. എന്നാൽ 01.01.2008 മുതൽ 18.2.2009 വരെയുള്ള യു.ഡി.ടൈപ്പിസ്റ്റുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ പരാമർശം (2) ഉത്തരവിൽ ടിയാരി ഉൾപ്പെട്ടിരുന്നില്ല.

ശ്രീമതി. ഉഷാകുമാരി. എൻ. ജി-യുടെ അപേക്ഷപ്രകാരം പരാമർശം (2) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നം. 72 നിർമ്മല. ജെ. യുടെയും ക്രമ നം. 73 രാധ. കെ. എ-യുടെയും മദ്ധ്യേയായി ക്രമ നമ്പർ. 72 (എ) ആയി ടിയാരിയെ ഉൾപ്പെടുത്തികൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവായി രിക്കുന്നു.

ഈ സാഹചര്യത്തിൽ ജൂനിയേഴ്സിന് സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ആയി സ്ഥാനക്കയറ്റം നൽകിയ പ്രാബല്യ തീയതിയായ 01.04.2011 മുതൽ ടിയാരിയും സ്ഥാനക്കയറ്റത്തിന് അർഹയാണ്. ആയതിനാൽ ടിയാരിക്ക് 01.04.2011 തീയതി പ്രാബല്യത്തിൽ യു.ഡി.ടൈപ്പിസ്റ്റിൽ നിന്നും സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായി (14620-25280) ശമ്പള സ്കെയിലിൽ കേരള സബോർനേറ്റ് സർവ്വീസ് ചട്ടങ്ങൾ റൂൾ 28 (എ) 1 പ്രകാരം സ്ഥാനക്കയറ്റം നൽകിയും അതേ ഓഫീസിൽ തുടരുവാൻ അനുവദിച്ചും ഉത്തരവാകുന്നു.

| പേര് | ജനന തീയതി | സീനിയോറിറ്റി റാങ്ക് നമ്പർ. | പ്രാബല്യ തീയതി | ഓഫീസ് മേൽ വിലാസം |
|---|---|---|---|---|
| ഉഷാകുമാരി.എൻ.ജി. | 01.12.1972 | 72 (എ) | 01.04.2011 | റോഡ്സ് സബ് ഡിവിഷൻ, പെരിന്തൽമണ്ണ. |

സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ശമ്പള കുടിശ്ശികയ്ക്ക് ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് മുൻകാല പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

ഒപ്പ്/-

മുതിർന്ന ഭരണ കാര്യസ്ഥ

വ്യക്തിക്ക്.

പകർപ്പ് : 1) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിരത്ത് ഉപ വിഭാഗം, പെരിന്തൽമണ്ണ. (സേവന പുസ്തകം സഹിതം തുടർ നടപടികൾക്കായി).
2) ഐ.റ്റി.സെൽ/ സീനിയോറിറ്റി സെൽ/ അധിക പകർപ്പ്/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

ഭരണ സഹായി (മിനിസ്റ്റീരിയൽ)